# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

സർവകലാശാലയിൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (ജി.എസ്.ടി.) രജിസ്ട്രേഷൻ എടുക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പി & ഡി I – സെക്ഷൻ

**യു.ഒ.നം. 7485/പിഡി-1/3/2017/ ഭരണവിഭാഗം** **തീയതി: 22.12.2017**

---

**പരാമർശം:-** 1) കേരള സർക്കാർ, നികുതി (ബി) വിഭാഗത്തിന്റെ 24.10.2017 തീയതിയായുള്ള പരിപത്രം നം. ബി1/157/2017/ടാക്സസ്.

2) 24.11.2017 തീയതിയിലെ സ്റ്റാൻഡിങ്ങ് കോൺസിലിന്റെ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം 01.07.2017 മുതൽ രാജ്യത്ത് ചരക്ക് സേവന നികുതി (ജി.എസ്.ടി) നടപ്പിലാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവ നികുതി ഒടുക്കേണ്ട സാധനങ്ങൾ/സേവനങ്ങൾ എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് നിഷ്കർച്ചിരുന്നു. ജി.എസ്.ടി. നിലവിൽ വരുന്നതിനു മുൻപുള്ള മൂല്യവർദ്ധിത നികുതി/സേവന നികുതി നിലനിന്നിരുന്ന കാലയളവിലുള്ള രജിസ്ട്രേഷൻ ആദായ നികുതി വകുപ്പ് നൽകുന്ന പാൻ നമ്പറിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല.

എന്നാൽ കേന്ദ്ര ജി.എസ്.ടി. നിയമത്തിലെ 22(1) ഉപവകുപ്പ്, കേരള സംസ്ഥാന ജി.എസ്.ടി. നിയമത്തിലെ 25(6) ഉപവകുപ്പ് എന്നിവ പ്രകാരം ആദായ നികുതി വകുപ്പ് നൽകുന്ന പാൻ സ്ഥാപനങ്ങൾക്ക് നിർബന്ധമാണ്. ടി പരിപത്രത്തിന്റെ വിഷയ സംഗ്രഹത്തിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ തുടങ്ങിയവ നിർബന്ധമായും ഇൻസ്റ്റിറ്റ്യൂഷണൽ പാൻ എടുത്തതിന് ശേഷം ജി.എസ്.ടി. രജിസ്ട്രേഷന് അപേക്ഷ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടി വിഷയം പരിഗണനയിലെടുത്ത ബഹു. വൈസ് ചാൻസലർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്ന വിഷയത്തിൽ സർവകലാശാലയുടെ സ്റ്റാൻഡിംഗ് കോൺസലിന്റെ അഭിപ്രായം ആരായുവാൻ ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം കേന്ദ്ര നിയമം 22(2) ഉപവകുപ്പ് പ്രകാരവും കേരള സംസ്ഥാന ജി.എസ്.ടി. നിയമം അനുസരിച്ചും 01.07.2017-ന് തൊട്ട് മുൻപുള്ള ദിവസം KVAT രജിസ്ട്രേഷൻ ഉള്ള സ്ഥാപനം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് സ്റ്റാൻഡിങ്ങ് കോൺസിൽ അഭിപ്രായപ്പെട്ടിരുന്നു.

(മറുപുറം...)

CMS

നിയമോപദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച ബഹു. വൈസ് ചാൻസലർ പരാമർശം (1) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കണം എന്ന നിർദ്ദേശം സർവകലാശാലയിൽ നടപ്പാക്കുവാൻ തീരുമാനിച്ചു.

ഒപ്പ്
തുളസീലാൽ ആർ.എൻ
ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ഫിനാൻസ് ഓഫീസറുടെ പേഴ്സനൽ അസിസ്റ്റന്റ് (തുടർ നടപടികൾ സ്വീകരിക്കുന്നതിന്)
2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാറുടെ പേഴ്സനൽ അസിസ്റ്റന്റ്
4. എസ്റ്റേറ്റ് ഓഫീസർ
5. സർവകലാശാല എഞ്ചിനീയർ
6. ജനറൽ ക്യാഷ്
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഓഡിറ്റ് I/IV അക്കൗണ്ട്സ് III/V
8. ഫിനാൻസ് I/IV
9. എ.ഡി.ബി.2/3/4/5
10. കെ.എസ്.എ.ഡി.
11. റെക്കോർഡ്സ് സെക്ഷൻ
12. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി-1/3/1362(ബി)/2017/ഭരണവിഭാഗം**